3. കശുവണ്ടി തൊഴിലാളി പെൻഷൻ

കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി ബോർഡ് നിലവിൽ വരുന്നതിനു മുൻപ് സർവ്വീസിൽ നിന്നും വിരമിച്ച സ്റ്റാഫിനും തൊഴിലാളികൾക്കും നൽകി വരുന്ന പെൻഷൻ 1-9-2003 മുതൽ 28-2-2005 വരെയുള്ള കുടിശ്ശിക വിതരണം ചെയ്യുന്നതിനായി 2,66,33,250 രൂപ ആവശ്യമായി വരും.

വിവിധ ക്ഷേമനിധി ബോർഡുകൾ വഴിയുള്ള ആനുകൂല്യങ്ങൾ മിക്കവാറും കുടിശ്ശിക കൂടാതെ വിതരണം നടത്തുന്നുണ്ട്. കുടിശ്ശിക വന്നതായി റിപ്പോർട്ട് ചെയ്തിട്ടുള്ളവ സംബന്ധിച്ച വിവരം അനുബന്ധമായി കൊടുത്തിട്ടുണ്ട്.†

(സി) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് കുടിശ്ശിക വിതരണം നടത്തിവരുന്നു.

കേരളാ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ബോർഡിലെ അംഗത്വ തുക

44 [3488] *ശ്രീ. പി. ടി. തോമസ്:*

„ *പി. ജെ. ജോയി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫയർ ബോർഡിൽ പുതിയ അംഗങ്ങളുടെ രജിസ്ട്രേഷൻ നിറുത്തിവെച്ചിരിക്കയാണോ എന്ന് വ്യക്തമാക്കാമോ;

(ബി) രജിസ്ട്രേഷൻ നടത്തും മുൻപ് അപേക്ഷ വെരിഫിക്കേഷനും സ്ക്രീനിംഗും നടത്താറുണ്ടോ;

(സി) 2004 ഡിസംബർ 31 വരെ ഇപ്രകാരം വെരിഫിക്കേഷൻ പൂർത്തിയാക്കി എത്രപേരെ തിരുവനന്തപുരം ജില്ലാഓഫീസിൽ രജിസ്റ്റർ ചെയ്തു; എത്രപേരുടെ അപേക്ഷ നിരസിച്ചു;

(ഡി) ഡിസംബർ 31 വരെ നടത്തിയ രജിസ്ട്രേഷന്റെ പേരിൽ മെമ്പർഷിപ്പ് ഫീസും മൂന്നുമാസത്തെ വരിസംഖ്യയുമടക്കം, തിരുവനന്തപുരം ജില്ലാഓഫീസിൽ എത്ര തുക വരുമാനം ലഭിച്ചു; ഇതിൽ എത്ര തുകയാണ് ഡിസംബർ 31 വരെ ട്രഷറിയിൽ അടച്ചത്; ബാക്കി എത്ര രൂപയാണ് 2005 ജനുവരിയിൽ ട്രഷറിയിൽ അടച്ചിട്ടുള്ളത്;

(ഇ) അവസാനം ട്രഷറിയിൽ അടച്ച തുക എത്രയാണ്, അടച്ച തീയതിയും അറിയാമോ?

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

GPM. 2/247/2012.—11

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ബോർഡിലെ അംഗങ്ങളുടെ അംഗത്വം പുതുക്കലുമായി ബന്ധപ്പെട്ട് പുതിയ അംഗങ്ങളുടെ രജിസ്ട്രേഷൻ തൽക്കാലത്തേയ്ക്ക് നിറുത്തിവെച്ചിട്ടുണ്ട്.

(ബി) നടത്താറുണ്ട്.

(സി) തിരുവനന്തപുരം ജില്ലാഓഫീസിൽ 2004 ഡിസംബർ 31 വരെ 5048 പേർക്ക് അംഗത്വം കൊടുക്കുകയും 917 പേരുടെ അപേക്ഷ നിരസിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) തിരുവനന്തപുരം ജില്ലാഓഫീസിൽ 2004 ഡിസംബർ 31 വരെ 5048 പേരുടെ രജിസ്ട്രേഷൻ നടത്തിയ വകയിൽ ലഭിച്ച മെമ്പർഷിപ്പ് ഫീസും മൂന്നു മാസത്തെ വരിസംഖ്യയുമടക്കം, 4,29,080 രൂപ ബാങ്കിൽ അടച്ചിട്ടുണ്ട്. ജനുവരിയിൽ 2117 പേരുടെ രജിസ്ട്രേഷൻ തുകയും വരിസംഖ്യയുമടക്കം 1,79,945 രൂപ ബാങ്കിൽ അടച്ചിട്ടുണ്ട്.

(ഇ) അവസാനമായി 3-2-2005-ൽ 320 അംഗങ്ങളുടെ തുകയായ 27,000 രൂപ ബാങ്കിൽ അടച്ചിട്ടുണ്ട്.

കൗമാരപ്രായക്കാരായ തൊഴിലാളികളുടെ വേതനം

45 [3489] *ശ്രീ. വർക്കല കഹാർ:*
„ വി. ജെ. പൗലോസ്:
„ ടി. യു. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൗമാരപ്രായക്കാരായ തൊഴിലാളികൾ പണിയെടുക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എത്ര പേർ;

(ബി) വിദ്യാഭ്യാസം നേടേണ്ട കൗമാരപ്രായത്തിലുള്ളവരെക്കൊണ്ട് തൊഴിലെടുപ്പിക്കുന്നത് നിയമാനുസൃതമാണോ;

(സി) ഓരോ വിഭാഗത്തിലേയും തൊഴിലാളികളുടെ കുറഞ്ഞ വേതനം നിശ്ചയിക്കുന്ന സമയത്തോ പുതുക്കുന്ന സമയത്തോ കൗമാരപ്രായക്കാരുടെ വേതന കാര്യവും സൂചിപ്പിക്കാറുണ്ടോ;

(ഡി) ഉണ്ടെങ്കിൽ പ്രായപൂർത്തിയായവർക്ക് നൽകുന്ന വേതനത്തിന്റെ എത്ര ശതമാനമാണ് ഇതെന്ന് പറയുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് തോട്ടം മേഖലയിലും വേറെ ചില തൊഴിൽ മേഖലകളിലും കൗമാരപ്രായക്കാരായ തൊഴിലാളികൾ പണിയെടുക്കുന്നുണ്ട്. ഇവരുടെ യഥാർത്ഥ കണക്ക് ലഭ്യമല്ല.

LIBRARY ARCHIVES Kerala Legislative Assembly